


# പിതാവേ, അങ്ങേ ഹിതം നിറവേറട്ടെ

ബ്ര. അഖിൽ MCBS Vol. 11, Issue: 50

**പി**താവിന്റെ ഹിതത്തിനു കീഴ്‌വഴങ്ങിയ ഒരു പുത്രന്റെ ഓർമ്മയാണ് ഓരോ ദുഃഖവെള്ളിയും. മനുഷ്യനായി അവതരിച്ച ക്രിസ്തുവിനെ ലോകം ദൈവപുത്രനെന്ന് തിരിച്ചറിഞ്ഞ നിമിഷമാണ് ദുഃഖവെള്ളി. ഓശാനയുടെ ഘോഷയാത്രയിൽ ആരും, ഇവൻ ദൈവപുത്രൻ എന്നു പറഞ്ഞില്ല. അവൻ അവർക്ക് വെറുമൊരു പ്രവാചകൻ മാത്രമായിരുന്നു. അത്ഭുതങ്ങളുടെ മദ്ധ്യത്തിലും വലിയ രോഗശാന്തി നൽകിയപ്പോഴും ക്രിസ്തു ദൈവപുത്രനാണെന്ന തിരിച്ചറിവ് ആർക്കുമുണ്ടായില്ല. എന്നാൽ സഹനത്തിന്റെ തീച്ചൂളയിൽ വെന്തെരിയുന്നവനെ കണ്ടപ്പോൾ ജനം പറഞ്ഞു: "ഇവൻ തീർച്ചയായും ദൈവപുത്രനാണ്." ക്രിസ്തു ദൈവത്തിന്റെ പുത്രനായ ദിനം; ദുഃഖവെള്ളി.

ഓരോ ദുഃഖവെള്ളിയും ഒട്ടനവധി കാര്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. ഒന്നാമതായി, പുത്രന്റെ നിലവിളിയിൽ, പുത്രന്റെ പ്രാർത്ഥനയിൽ മൗനം ഭജിക്കുന്ന ദൈവം. പഴയനിയമത്തിലേയ്ക്ക് ഒന്നു നോക്കുകയാണെങ്കിൽ നിലവിളികൾക്ക് ഉത്തരം നൽകുന്ന, ഇസ്രായേലിന് രക്ഷ നൽകുന്ന ദൈവത്തെയാണ് കാണുക. അവിടുന്നു പറയുന്നു: "കേൾക്കാനാവാത്തവിധം എന്റെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല" എന്ന്. പക്ഷേ, ഇവിടെ പുത്രന്റെ നിലവിളിക്കു മുന്നിൽ ആ ദൈവം മൗനം ഭജിക്കുന്നു. കാരണമെന്താണെന്ന് യോഹന്നാൻ ശ്ലീഹാ വ്യക്തമാക്കുന്നുണ്ട്. "തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം പിതാവ് ലോകത്തെ അത്രയധികമായി സ്നേഹിച്ചു." അതെ പ്രിയപ്പെട്ടവരേ, പാപികളായ നമ്മോടുള്ള സ്നേഹമാണ് സ്വപുത്രന്റെ ചങ്കുപൊട്ടിയുള്ള നിലവിളക്കു മുന്നിലും മൗനമായിരിക്കുവാൻ ദൈവത്തെ പ്രേരിപ്പിച്ചത്. പാപികളായ മനുഷ്യവംശത്തോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ ഓർമ്മദിനമാണ് ദുഃഖവെള്ളി.

കുരിശിൽ വച്ച് എല്ലാം പൂർത്തിയായ ദിനമാണ് ദുഃഖവെള്ളി. യോഹന്നാൻ സുവിശേഷകൻ വളരെ കൃത്യമായി രേഖപ്പെടുത്തി വയ്ക്കുന്നുണ്ട്: "യേശു വിനാഗിരി സ്വീകരിച്ചിട്ടു പറഞ്ഞു; എല്ലാം പൂർത്തിയായി. അവൻ തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു" (യോഹ. 19:30). എല്ലാം പൂർത്തിയായി എന്ന വചനത്തിന് 'ബലിയാട്' എന്ന പുസ്തകത്തിൽ ജോസഫ് പംപ്ലാനി പിതാവ് കൃത്യമായ അർത്ഥം നൽകുന്നുണ്ട്. പാലസ്തീനിയൻ പശ്ചാത്തലത്തിൽ സാധാരണയായി ഉപയോഗിച്ചുകൊണ്ടിരുന്ന ഒരു നാടൻ പ്രയോഗമായിരുന്നു എല്ലാം പൂർത്തിയായി (തെത്തെലെസ്തായി). യജമാനൻ കൽപിക്കുന്ന ശ്രമകരമായ ജോലി പൂർത്തിയാക്കുന്ന ഭൃത്യന്റെ വാക്കായും, ജറുസലേം ദൈവാലയത്തിൽ ബലിമൃഗത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്ന പുരോഹിതൻ ബലിമൃഗം സ്വീകാര്യമാണ് എന്ന് പ്രഖ്യാപിക്കുന്ന പദമായും, ചന്തയിൽ നിന്ന് സാധനങ്ങൾ വാങ്ങിയവർ പണമടച്ച് ഇടപാട് തീർത്തുകഴിയുമ്പോൾ കടബാദ്ധ്യതകൾ തീർന്ന

തായി വ്യാപാരി നടത്തുന്ന പ്രഖ്യാപനമായും ഈ പ്രസ്താവം ഉപയോഗിച്ചിരുന്നു. കുരിശിൽ കിടന്നുകൊണ്ട് ക്രിസ്തു എല്ലാം പൂർത്തിയായി എന്നു പറഞ്ഞതിൽ ഈ മൂന്ന് അർത്ഥങ്ങളും പൂർത്തിയാക്കപ്പെട്ടു. ഒന്നാമതായി, പിതാവ് ഭരമേൽപിച്ച ശ്രമകരമായ രക്ഷണീയ ദൗത്യം പൂർത്തിയാക്കിയ സഹനദാസന്റെ വിജയപ്രഘോഷണമാണത്. രണ്ടാമതായി, യഥാർത്ഥ പെസഹാക്കുഞ്ഞാടായ ക്രിസ്തുവിന്റെ അസ്ഥികൾ ഒന്നുപോലും തകർക്കപ്പെട്ടില്ല എന്നും സൂചിപ്പിക്കുന്നു. മൂന്നാമതായി, പിശാചിന് അടിമയായിരുന്ന പാപികളായ മനുഷ്യകുലത്തെ സ്വന്തം ജീവൻ വിലയായി നൽകി വീണ്ടെടുത്ത ക്രിസ്തു പിശാചിനോട് നടത്തുന്ന വിജയപ്രഘോഷണമാണിത്.

വീണ്ടും ദൈവസ്വപ്നങ്ങളോട് ആമ്മേൻ പറഞ്ഞവന്റെ വിജയദിനമാണ് ഓരോ ദുഃഖവെള്ളിയും. പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റിക്കളയേണമേ എന്നു പ്രാർത്ഥിക്കുന്ന ക്രിസ്തുവിന്റെ അവസാന തീരുമാനം ദൈവസ്വപ്നത്തിന്, ദൈവഹിതത്തിന് ആമ്മേൻ പറഞ്ഞു എന്നുള്ളതാണ്. അതായത്, ലോകപാപങ്ങൾക്കു വേണ്ടി, മനുഷ്യരക്ഷയ്ക്കു വേണ്ടി സഹനത്തിന്റെ കാസ മട്ടോളം കുടിച്ചുതീർക്കുക. ദൈവസ്വപ്നങ്ങൾക്ക് ആമ്മേൻ പറഞ്ഞ ഒരു അപ്പന്റെയും, ദൈവവചനത്തിന് ആമ്മേൻ പറഞ്ഞ ഒരു അമ്മയുടെയും മകൻ ആയതുകൊണ്ടാവാം ക്രിസ്തുവും പറയുന്നത്: ''എന്റെ ഹിതമല്ല; അങ്ങയുടെ ഹിതം നിറവേറട്ടെ'' എന്ന്. പ്രിയപ്പട്ടവരേ, ഓരോ ദുഃഖവെള്ളിയും നമ്മെ വെല്ലുവിളിക്കുന്നുണ്ട്. ദൈവഹിതത്തിന് പൂർണ്ണമായും ആമ്മേൻ പറയുവാൻ സാധിക്കുന്നുണ്ടോ എന്ന് വിചിന്തനം ചെയ്യാൻ.

ഫുൾട്ടൻ ജെ. ഷീൻ ഇപ്രകാരം കുറിച്ചിട്ടു: ''നാം തീക്ഷ്ണമായി സ്നേഹിക്കുകയാണെങ്കിൽ ആ സ്നേഹിക്കുന്നത് നേടിയെടുക്കാൻ വേണ്ട ത്യാഗത്തെക്കുറിച്ച് അൽപമേ ചിന്തിക്കൂ'' എന്ന്. ക്രിസ്തുവിന്റെ ജീവിതത്തിലേയ്ക്ക് ഒന്നു നോക്കാം. മനുഷ്യകുലത്തെ, എന്നെയും നിങ്ങളെയുമൊക്കെ അത്ര അധികമായി സ്നേഹിച്ചതുകൊണ്ടാണ് നമ്മെ വീണ്ടെടുക്കാൻ അവൻ അനുഭവിച്ച കഷ്ടപ്പാടുകളൊക്കെ അവന് നിസ്സാരമായി തോന്നിയത്. അവന് എല്ലാം നിസ്സാരമായിരുന്നു. അതുകൊണ്ടു തന്നെയാണല്ലോ ഒറ്റിക്കൊടുത്തവനെയും തള്ളിപ്പറഞ്ഞവനെയും ഉപേക്ഷിച്ചു പോയവരെയുമൊക്കെ നെഞ്ചോട് ചേർത്തുനിർത്താൻ അവനു കഴിഞ്ഞത്. പ്രിയപ്പട്ടവരേ, ക്രിസ്തുവിന്റെ ഈ മനോഭാവം നമ്മെ ആഴമായി ചിന്തിപ്പിക്കേണ്ട ഒന്നാണ്. സ്നേഹിക്കുന്നവർക്കു വേണ്ടി സഹനങ്ങൾ ഏറ്റെടുക്കാൻ ഞാൻ തയ്യാറാണോ? ഓരോ ദുഃഖവെള്ളിയും സ്നേഹിതനു വേണ്ടി കുരിശിലേറാനുള്ള ക്ഷണം കൂടിയാണ് നമുക്ക് തരുന്നത്.

രണ്ട് ചെറുപ്പക്കാരുടെ മരണങ്ങളെക്കുറിച്ച് ചിന്തിക്കാം. ഒന്നാമത്തേത് കഥയായിരിക്കാം. അലക്സാണ്ടർ എന്ന ചെറുപ്പക്കാരൻ മരണവേളയിൽ പറഞ്ഞു, ശവകുടീരത്തിലേയ്ക്ക് എന്നെ കൊണ്ടുപോകുമ്പോൾ എന്റെ കരങ്ങൾ ശവമഞ്ചത്തിനു വെളിയിൽ ആയിരിക്കണം. ശൂന്യമായ ആ കരങ്ങൾ ലോകത്തോട് പറയും, എല്ലാം നേടിയ അലക്സാണ്ടർ, ഈ ലോകം വെട്ടിപ്പിടിച്ച അലക്സാണ്ടർ വെറുംകൈയ്യോടെ മടങ്ങിപ്പോകുന്നു എന്ന്. രണ്ടാമത്തേത് കഥയല്ല; നടന്ന സംഭവമാണ്. ഒരു ചെറുപ്പക്കാരൻ മരിച്ചു, പേര് യേശു; പ്രായം 33. ഒന്നും നേടിയില്ല, ശേഖരിച്ചുവച്ചിട്ടില്ല, കരങ്ങൾ ശൂന്യം. എന്നാൽ അയാളാകട്ടെ, ശൂന്യമായ കരങ്ങൾ മലർക്കേ വിരിച്ചുപിടിച്ച് ശാന്തമായി പറഞ്ഞു: ''എല്ലാം പൂർത്തിയായി.'' എന്നിട്ട് മരിക്കുന്നു. പ്രിയപ്പെട്ടവരേ, ഒന്നും ശേഖരിച്ചുവയ്ക്കാതെ എല്ലാം നൽകുന്നവനു മാത്രമേ എല്ലാം പൂർത്തിയായി എന്നും പറഞ്ഞുകൊണ്ട് മരിക്കാൻ കഴിയൂ. എല്ലാം ശേഖരിച്ചുവയ്ക്കുന്നവന്റെ അന്ത്യം ഭയാനകമായിരിക്കും എന്ന് ഭോഷനായ ധനികന്റെ ഉപമ നമ്മെ ഓർമ്മിപ്പിക്കുന്നു. എന്നാൽ ക്രിസ്തുവിന്റെ മരണം എല്ലാം നൽകുന്നതിന്റെ പൂർത്തീകരണമായിരുന്നു. ഓരോ ദുഃഖവെള്ളിയും നമ്മോട് ആവശ്യപ്പെടുന്നുണ്ട്, സ്വയം ദാനമാകാൻ, ക്രിസ്തു കാണിച്ചുതന്ന, ഒന്നും ശേഖരിച്ചുവയ്ക്കാതെ അപരനുവേണ്ടി ഉള്ളതു മുഴുവൻ നൽകുന്ന സ്നേഹത്തിൽ വളരാൻ.

എവിടെയോ വായിച്ചത് ഓർക്കുന്നു, ''മുറിക്കപ്പെടുന്നവർ ഓർമ്മിക്കപ്പെടും'' എന്ന്. അതേ പ്രിയപ്പെട്ടവരേ, നമുക്കുവേണ്ടി കുരിശിൽ മുറിഞ്ഞവനെ നാം ഓർക്കുകയാണ് ഇന്ന്. അവൻ നമുക്ക് നൽകുന്ന ഏറ്റവും വലിയ പ്രത്യാശ കുരിശിനപ്പുറം ഒരു ഉയിർപ്പുണ്ട് എന്നുള്ളതാണ്. അതേ സ്നേഹമുള്ളവരേ, നമ്മുടെ ജീവിതങ്ങളിൽ ഉണ്ടാകുന്ന എല്ലാ ദുഃഖവെള്ളികൾക്കുമപ്പുറം ഒരു ഉയിർപ്പ് ഉണ്ട്. ഈ നോമ്പ് നമ്മോട് ആവശ്യപ്പെടുന്നത് സഹനത്തെ പുൽകാൻ നീ തയ്യാറാണോ എന്നാണ്. ഇന്ന് നമുക്ക് വേണ്ടതും ക്രിസ്തുവിന്റെ അതേ മനോഭാവമാണ്. പ്രാർത്ഥിക്കണം, സഹനങ്ങൾ ജീവിതത്തിൽ നിന്ന് ഒഴിവാക്കാനല്ല മറിച്ച്, അവ സഹിക്കാനുള്ള, ഉൾക്കൊള്ളാനുള്ള ശക്തി തരുന്നതിന്. ഈ കാസ എന്നിൽ നിന്ന് അകറ്റിക്കളയേണമേ എന്നുള്ള ക്രിസ്തുവിന്റെ പ്രാർത്ഥന ദൈവം കേട്ടില്ലായിരിക്കാം. പക്ഷേ, ഘോരമായ സഹനത്തിൽ പിടിച്ചുനിൽക്കാനുള്ള ശക്തി പിതാവ് അവിടുത്തേയ്ക്ക് കൊടുത്തു. ഈ സഹനങ്ങൾക്കെല്ലാമപ്പുറം സ്വർഗ്ഗരാജ്യം നമ്മെ കാത്തിരിക്കുന്നുണ്ട് എന്നുകൂടി അവിടുന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. വചനത്തിൽ നാം കാണുന്നുണ്ട്, ''നീതിക്കുവേണ്ടി പീഡ

നമേൽക്കുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവരുടേതാണ്" എന്ന്. അതേ പ്രിയപ്പെട്ടവരേ, ദൈവനീതിക്കു വേണ്ടി സ്വയം സഹനങ്ങൾ ഏൽക്കുന്ന ക്രിസ്തു. ആബേൽ ബലിയർപ്പിച്ച കുഞ്ഞാട് മുതൽ പാപപരിഹാരത്തിനും ദൈവപ്രീതിക്കുമായി ബലിയർപ്പിക്കപ്പെടുന്ന അനേകം കുഞ്ഞാടുകളെ നാം കണ്ടുമുട്ടുന്നുണ്ട്. അബ്രഹാം മോറിയ മലയിൽ ബലികഴിക്കുന്ന കുഞ്ഞാട്, സംഹാരദൂതന് അടയാളമായി ചോര ചിന്തിയ കുഞ്ഞാട്, പാപപരിഹാര ദിനത്തിൽ ദൈവാലയത്തിലും ജനങ്ങളുടെ പാപം പേറി മരുഭൂമിയിലും വച്ച് കൊല്ലപ്പെടുന്ന കുഞ്ഞാടുകൾ... ഇങ്ങനെ കുഞ്ഞാടുകളുടെ പരമ്പര നീളുകയാണ്. ഒടുക്കം കാൽവരിയിലെ കുഞ്ഞാടിന്റെ ബലിയിലൂടെ എല്ലാം പൂർത്തിയാകുന്നു. ഹെബ്രായ ലേഖകൻ പറഞ്ഞുവയ്ക്കുന്നുണ്ട്, കാളകളുടെയും കോലാടുകളുടെയും രക്തത്തിന് പാപങ്ങൾ നീക്കിക്കളയാൻ കഴിയില്ല എന്ന്. അതിനാൽ ക്രിസ്തു സ്വന്തം രക്തം ചിന്തി നമുക്ക് രക്ഷ നേടിത്തന്നു. ക്രിസ്തുവിന്റെ ഈ ബലിയാണ് ഓരോ ദുഃഖവെള്ളിയും നമ്മെ ഓർമ്മിപ്പിക്കുന്നത്. ഒരു രീതിയിൽ ചിന്തിച്ചാൽ, ഇത് നമുക്ക് ദുഃഖവെള്ളിയല്ല. ക്രിസ്തു നമുക്ക് രക്ഷ നേടിത്തന്ന സന്തോഷത്തിന്റെ ദിനമാണ്. അതിനാൽ കൃതജ്ഞതയുള്ള ഒരു മനസ്സോടെ വേണം ക്രിസ്തുവിന്റെ പീഡാസഹനങ്ങളെപ്പറ്റി നാം ധ്യാനിക്കുവാൻ. നാം പ്രാർത്ഥിക്കണം, അവനെപ്പോലെ ദൈവഹിതത്തിന് ആമ്മേൻ പറയാൻ, കുരിശെടുക്കാൻ, കാൽവരി കയറാൻ. ഒടുക്കം അവൻ തരുന്ന ഉയിർപ്പിൽ നമ്മെയും പങ്കുകാരാക്കാൻ.

ഏതാനും വ്യക്തികളെക്കുറിച്ചു കൂടി ചിന്തിക്കാതെ ദുഃഖവെള്ളി പൂർണ്ണമാകില്ല എന്നു കരുതുകയാണ്. ഒന്നാമൻ യൂദാസാണ്. തെറ്റു പറ്റിപ്പോയി എന്ന തിരിച്ചറിവ് ഉണ്ടായെങ്കിലും തിരിച്ചുവരാൻ സാധിക്കാതെ പോയ മനുഷ്യൻ. നമ്മിലും ഈ ഒരു മനോഭാവത്തിന്റെ വിത്തുകളുണ്ടാവാം. തിരിച്ചറിവുകൾ ഉണ്ടായിട്ടും തിരിച്ചുവരാൻ കൂട്ടാക്കാതെയിരിക്കുന്ന അവസ്ഥകൾ. രണ്ടാമൻ പത്രോസാണ്. മരിക്കേണ്ടി വന്നാൽ പോലും നിന്നെ ഞാൻ തള്ളിപ്പറയില്ല എന്ന് വീമ്പ് പറഞ്ഞവൻ ഒരു പരിചാരകപ്പെണ്ണിന്റെ അടുത്ത് ചൂളിപ്പോവുകയാണ്. നമ്മിലും കാണും പത്രോസിനെപ്പോലെ കഴമ്പില്ലാതെ, കാമ്പില്ലാതെ വീരവാദം മുഴക്കുന്ന വ്യക്തിത്വങ്ങൾ. അടുത്തത് യോഹന്നാനാണ്. കാൽവരിയിൽ, കുരിശിൻചുവട്ടിൽ നിന്ന ശിഷ്യൻ. ക്രിസ്തുവിനോടു കൂടെ ഉണ്ടായിരുന്നവൻ. അവനാണ് അമ്മയെ കിട്ടുക. പ്രിയപ്പെട്ടവരേ, ക്രിസ്തുവിനോട് കൂടെ നിൽക്കുന്നവർക്കേ അവന്റെ അനുഗ്രഹങ്ങൾ ലഭിക്കൂ. അടുത്തയാൾ പീലാത്തോസാണ്. ഉത്തരവാദിത്വങ്ങളിൽ നിന്ന് കൈ കഴുകി ഒഴിഞ്ഞവൻ. ക്രിസ്തു നീതിമാനാണ് എന്ന് അറിഞ്ഞിട്ടും നീതി നിഷേധിച്ചവൻ. നമ്മിലും കാണും ഓരോ പീലാത്തോസുമാർ; ഉത്തരവാദിത്വങ്ങളിൽ നിന്നും കൈ കഴുകി രക്ഷപെടുന്നവർ. അവസാനമായി മറിയമാണ്. മറിയം കൂടെയില്ലാത്ത ഒരു കുരിശിന്റെ വഴികളുമില്ല. കുരിശിന്റെ വഴിയിൽ മകന്റെ പിന്നാലെ അവൾ നടന്നു. സ്വപുത്രൻ പീഡകളേറ്റ് ക്രൂരമായി കൊല്ലപ്പെടുന്നത് നോക്കിനിൽക്കാനേ ആ അമ്മയ്ക്ക് കഴിഞ്ഞുള്ളൂ. ഫ്രാൻസിസ് മാർപാപ്പ പറയുന്നുണ്ട്, പീഡകളേറ്റു മരിച്ച ക്രിസ്തുവിന്റെ സഹനങ്ങളാണോ, സ്വന്തം മകൻ ക്രൂരമായി കൊല്ലപ്പെടുന്നത് കണ്ടുനിൽക്കേണ്ടി വന്ന മറിയത്തിന്റെ സഹനങ്ങളാണോ കൂടുതൽ വേദനാജനകം എന്ന് വേർതിരിച്ച് കാണുവാൻ നമുക്ക് കഴിയില്ല എന്ന്. എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ദൈവഹിതത്തിന് ആമ്മേൻ പറയുന്ന ആ അമ്മ. ഓരോ ദുഃഖവെള്ളിയും നമ്മെ വെല്ലുവിളിക്കുന്നുണ്ട്. ദൈവഹിതത്തിന് ആമ്മേൻ പറയുവാൻ എനിക്കും നിങ്ങൾക്കും സാധിക്കുന്നുണ്ടോ എന്ന് ചിന്തിക്കുവാൻ.

പ്രിയപ്പെട്ടവരേ, മരത്താലേ വന്ന പാപം പോക്കാൻ മരത്തിൽ മരിക്കുന്ന ദൈവത്തിന്റെ ഓർമ്മയാണ് ഇന്ന്. മരണമില്ലാത്തവന്റെ മരണം വഴി മരണം തോറ്റുപോയ ദിനം. നമുക്കും പ്രാർത്ഥിക്കാം, ക്രിസ്തുവിനെപ്പോലെ സഹിക്കാനും ക്ഷമിക്കാനും എല്ലാറ്റിലുമുപരി ദൈവഹിതം തിരഞ്ഞ് അത് അനുവർത്തിക്കാനുമുള്ള കൃപയ്ക്കായി. കുരിശിൽ നമുക്കുവേണ്ടി സഹിച്ച ക്രിസ്തു നമ്മെ അനുഗ്രഹിക്കട്ടെ. ആമ്മേൻ.